# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26




# ശ്രീവിദ്യ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എരുത്തേമ്പതി

# ആമുഖം

പാലക്കാട് ചിറ്റൂർ താലൂക്കിന്റെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ശ്രീവിദ്യ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ. 01.07.1982 ലാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. സി.പി. നാരായൺകുട്ടി നായർ ആയിരുന്നു സ്ഥാപക മാനേജർ. ഈ വിദ്യാലയത്തിൽ തമിഴ്, മലയാളം, ഇംഗ്ലീഷ് മീഡിയനിലായി അധ്യാപനം നടന്നുവരുന്നു. മൂന്ന് ഏക്കർ ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 3 കെട്ടിങ്ങളും വൊക്കേഷണൽ ഹയർസെക്കന്ററിക്ക് 3 നിലകളുള്ള കെട്ടിടവും ഉണ്ട്. 17 അധ്യാപകരും 3 അനധ്യാപകരും ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു. കാർഷിക മേഖലയും ഭാഷാ പിന്നോക്കം നിൽക്കുന്ന മേഖലയായ ഈ വിദ്യാലയം കഴിഞ്ഞ മൂന്ന് വർഷങ്ങളായി പബ്ളിക് പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളെയും വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അക്കാദമിക , അക്കാദമികേതര പ്രവർത്തനങ്ങളിൽ മികച്ച പിന്തുണ വിദ്യാർത്ഥികൾക്കായി നൽകിവരുന്നുണ്ട്.

# മേഖലകൾ

| നമ്പർ | അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|---|
| 1 | ഭാഷാശേഷി വികസനം | ക്ലാസ് മുറികൾ | പി.ടി.എ |
| 2 | വായന പരിപോഷണം | ക്ലാസ് മുറികൾ | എസ്.എം.സി |
| 3 | സാഹിത്യപോഷണ പരിപാടികൾ | ഓഫീസ് മുറികൾ | വിദ്യാലയ വികസന സമിതി |
| 4 | ക്ലാസ് മാഗസിൻ | കളിസ്ഥലം | വിദ്യാലയ സംരക്ഷണ സമിതി |
| 5 | വായനാമൂല | പാചകപ്പുര | ഗൃഹസ ന്ദർശനം |
| 6 | ശാസ്ത്രപരിപോഷണ പരിപാടി | പ്ലാസ്റ്റിക് മാലി ന്യങ്ങൾ കുറ യ്ക്കുക | ഗ്രന്ഥശാല യിൽ അംഗ ത്വം |
| 7 | സാമൂഹ്യശാസ്ത്രപ ഠനം | ജന്മദിനത്തി ലൊരു പുസ്തകം | |
| 8 | കലാ കായിക മേള | കുടിവെള്ളം | |
| 9 | ഐ.ടി. പരിശീലനം | | |
| 10 | ദിനാചരണങ്ങൾ | | |
| 11 | കലാ കായിക പഠനം | | |
| 12 | ക്ലാസ് പി.ടി.എ | | |
| 13 | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | | |
| 14 | വിവിധ ക്ലബ്ബുകൾ | | |
| 15 | പച്ചക്കറി തോട്ടം | | |
| 16 | പഠനയാത്ര | | |
| 17 | സൂംബ ഡാൻസ് | | |
| 18 | മോണിറ്ററിംഗ് | | |
| 19 | ഗൃഹസന്ദർശനം | | |
| 20 | എൻ.സി.സി | | |

# പദ്ധതി വിശദാംശങ്ങൾ

## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷയിൽ ( മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി) എഴുതാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | നാലുമാസം നീണ്ടു നിൽക്കുന്ന അധിക പിന്തുണ ക്ലാസ് പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ , വിദ്യാർത്ഥികൾ ഇടവിട്ട് ചുമതല ഏറ്റെടുക്കുന്നു | 4 മാസം | ക്ലാസ് ടീച്ചർ | |

## വായനാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും വായന ശീലമാക്കാനുളളതും, ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പുസ്തകങ്ങൾ ക്രമീകരിക്കാനുമുളള ലക്ഷ്യം | ഗ്രന്ഥശാല പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ മികവുറ്റതാക്കുക | വാർഷികം | ലൈബ്രേറിയൻ | സ്പോൺസർഷിപ്പ് |

Scanned with OKEN Scanner

## സാഹിത്യപോഷണ പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ഭാഷകളിൽ സംഘടിപ്പിക്കുന്ന വ്യത്യസ്ത മത്സരങ്ങൾ കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കുക എന്ന ലക്ഷ്യം | വായന കുറിപ്പ് തയ്യാറാക്കൽ, കഥ, കവിത, അഭിമുഖം, പോസ്റ്റർ, ചിത്രരചന. പ്രതികരണ കുറിപ്പ് തയ്യാറാക്കൽ, കഥാപൂരണ മത്സരങ്ങൾ നൽകി കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കാൻ ഭാഷാധ്യാപകർ കുട്ടികളെ ഇതിന് സഹായിക്കുന്നു | വാർഷികം | ക്ലാസ് ടീച്ചർ ഭാഷാ അധ്യാപകർ | സ്റ്റാഫ് ഫണ്ട് |

## ക്ലാസ് മാഗസിൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷയുടെ വ്യത്യസ്ത മേഖലയിൽ പങ്കാളിയാക്കി ക്ലാസ് റും മാഗസിൻ നിർമ്മാണം | 9 മാസം നീണ്ടു നിൽക്കുന്ന പ്രവർത്തനം ക്ലാസിലെ മുഴുവൻ കുട്ടികളും ഭാഷാധ്യാപകർ ക്ലാസ് ടീച്ചർ എച്ച്.എം.ചുമതല ഏറ്റെടുക്കുന്നു | മൂന്നുമാസം ഇടവിട്ട് മൂന്ന് പ്രാവശ്യം ചെയ്യുന്ന പ്രവർത്തനം | ഭാഷാധ്യാപകർ | സ്റ്റാഫ് ഫണ്ട് |

## വായനാ മൂല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒഴിവുസമയ ങ്ങളിൽ കുട്ടി കളെ വായന യിലേക്ക് നയിക്കുക ലക്ഷ്യം | പിറന്നാൾ ദിവസം നൽകുന്ന പുസ്തകം,പത്ര ങ്ങൾ, കുട്ടി കളുടെ സൃഷ്ടികൾ ആനുകാലിക ങ്ങൾ ശേഖരിച്ച് നടത്തുന്ന പ്രവർത്തനം | വാർഷികം | ക്ലാസ് ടീച്ചർ | സ്പോൺസർ ഷിപ്പ് |

## ശാസ്ത്ര പോഷണ പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ അടിസ്ഥാന അറിവ് മെച്ച പ്പെടുത്തൽ | കണക്ക്, ശാസ്ത്രം തുട ങ്ങിയ വിഷയങ്ങ ളിലെ അടി സ്ഥാന അറിവ് നൽകി പിന്നോക്കം നിൽക്കുന്നവരെ മുന്നോട്ടു കൊണ്ടുവരിക ശാസ്ത്രം ജനന ന്മക്ക് എന്നതിനെ ചിത്രീകരിച്ച് ക്ലാസ്,പോസ്റ്റർ, സംവാദം, ശാസ്ത്ര നാടകം, ലഘുപരീക്ഷണ ങ്ങൾ നൽകൽ | വാർഷികം | സയൻസ് ടീച്ചർ | 2000 |

Scanned with OKEN Scanner

## സാമൂഹ്യശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക. പ്രത്യക്ഷ വസ്തുക്കളിലുടെ ചരിത്ര വസ്തുതകൾ മനസിലാക്കുക | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള ചരിത്ര ഇടങ്ങളിലേക്കുള്ള പഠനയാത്ര, സെമിനാർ, സംഘാടനം, പഴയകാല നാണയങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വാർഷികം | സോഷ്യൽ സയൻസ് അധ്യാപകർ | 3000 + പി.ടി.എ |

## കലാകായിക മേള

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാ കായിക വാസനയുടെ പരിപോഷണം | കുട്ടികളുടെ അഭിരുചിയ്ക്ക് അനുസരിച്ച് പാട്ട്, കവിത, ചിത്രരചന, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ഡാൻസ്, നാടകം, ഗാനാലാപനം, തുടങ്ങിയ മേഖലയിൽ കലാധ്യാപിക പരിശീലനം നൽകുന്നു | വാർഷികം | കലാധ്യാപിക | 4000 + പി.ടി.എ |
| | കുട്ടികളിലെ കായിക അഭിരുചി വളർത്താനും ചെസ്സ്, വോളിബോൾ, കബഡി, ഫുട്ബോൾ , ക്രിക്കറ്റ് തുടങ്ങിയ മേഖലയിൽ പരിശീലനം നൽകി മികവുററവരാക്കുന്നു | അവധി ദിനങ്ങളിലും മറ്റുദിവസങ്ങളിൽ, രാവിലെയും വൈകുന്നേരവും ഓരോ മണിക്കൂർ | കായികാധ്യാപിക | 4000 + പി.ടി.എ |

## ഐ.ടി പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി മേഖലയിൽ പ്രാവീണ്യം നേടാനും അഭിരുചി വളർത്താനും | കമ്പ്യൂട്ടർ ലാബ് നവീകരിക്കൽ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ പ്രവർത്തനം, പാഠ്യ വസ്തു മേഖലയിൽ അധ്യാപിക കുട്ടികളെ പ്രാവീണ്യമുള്ളവരാക്കി മാറ്റുന്നു, ഐ,ടി വർക്ക് ഷോപ്പ് സംഘടിപ്പിച്ച് ഇ.മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്രവർത്തനം സോഫ്റ്റ് വെയർ, ഹാർഡ് വെയർ മേഖലയിൽ പരിശീലനം പ്രാവീണ്യം കുട്ടികൾക്ക് നൽകുന്നു | വാർഷികം | എച്ച്.എം ഐ.ടി അധ്യാപിക | സ്റ്റാഫ് ഫണ്ട് |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണത്തിന്റെ പ്രാധാന്യം കുട്ടികളിലെത്തിക്കാൻ | പ്രധാനപ്പെട്ട എല്ലാ ദിനാചരണങ്ങളും സംഘടിപ്പിക്കുന്നു. വിവിധ മത്സരങ്ങൾ, ഒഴിവു സമയങ്ങളിൽ നടത്തുന്നു. സംവാദം, സെമിനാർ, പോസ്റ്റർ, ചിത്രരചന, റോൾപ്ലേ ഇവ സംഘടിപ്പിക്കുന്നു | 10 മാസം | എച്ച്.എം സഹാധ്യാപകർ | സ്റ്റാഫ് ഫണ്ട് |

Scanned with OKEN Scanner

## കലാകായിക പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാകായിക പഠനം കാര്യക്ഷമമാക്കുക | പാഠപുസ്തകം ചിട്ടയായി ബോധവൽക്കരിക്കൽ, കുട്ടികളുടെ ഉയരം, ഭാരം എന്നിവ ഓരോ മാസവും രേഖപ്പെടുത്തുന്നു | വാർഷികം | കലാ, കായിക അധ്യാപകർ | |

## ക്ലാസ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു ഓരോ മാസവും. പരീക്ഷ സംഘടിപ്പിച്ച് രക്ഷിതാക്കളെ വിവരം അറിയിക്കുന്നു. മുന്നുമാസം കുടുമ്പോൾ ക്ലാസ് പി.ടിഎ യിലൂടെ വിദ്യാർത്ഥിയുടെ പുരോഗതി രക്ഷിതാക്കളെ അറിയിക്കുന്നു | 3+3+ 3 | എച്ച്.എം ക്ലാസ് ടീച്ചർ | |

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരിയുടെ ദൂഷ്യ ഫലങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തൽ | മെയ് 31, ജൂൺ 26 ദിവസത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു. റോൾ പ്ലേ, ഓട്ടം തുള്ളൽ, ബോധവൽക്കരണ ക്ലാസുകൾ, പോസ്റ്റർ നിർമ്മാണം തുടങ്ങിയവയുടെ ഓരോ കുട്ടിയെയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നു | വാർഷികം | എച്ച്.എം ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

## വിവിധ ക്ലബ്ബുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ ശാസ്ത്ര ക്ലാസുകളിൽ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് പഠന മേഖല വിശാലമാക്കുന്നു | വിദ്യാരംഗം ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്,മലയാളം ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ഐ.ടി ക്ലാസ്, മ്യൂസിക് ക്ലാസ്, സ്പോർട്സ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് തുടങ്ങിയ വ്യത്യസ്ത ക്ലബ്ബിൽ ചേർക്കുന്നു. ഒകു കുട്ടിയെ കുറഞ്ഞത് 3 ക്ലബിലെങ്കിലും ചേർക്കുന്നു | വാർഷികം | എച്ച്.എം സഹാധ്യാപകർ | |

## പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംവൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ പച്ചക്കറിത്തോട്ടം ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 3000 |

## പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേർകാഴ്ചയിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കാനും നേതൃത്വപാടവം വളർത്താനും | വർഷത്തിൽ ഒരു പ്രാവശ്യം പഠന യാത്ര ഗവ . അറിയിപ്പ് അനുസരിച്ച് സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 2000 + പി.ടി.എ |

## സൂംബ ഡാൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാനസിക ശാരീരിക ഉന്മേഷം | കായിക അധ്യാപികയുടെ നേതൃത്വത്തിൽ കുട്ടികൾക്കും അധ്യാപകർക്കും ഡാൻസ് അഭ്യസിപ്പിക്കുന്നു, ആഴ്ചയിലെ മുന്നുദിവസം രാവിലെ അസംബ്ലിയിലും 8-ാംമത്തെ പിരിയഡും കുട്ടികളെ ഭാഗവാക്കാക്കുന്നു | വാർഷികം | എച്ച്.എം ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

## മോണിറ്ററിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനങ്ങൾ കാര്യക്ഷമമമാക്കുക, മെച്ചപ്പെടുത്തേണ്ടവ ബോധ്യപ്പെടുത്തൽ | പ്രധാനാധ്യാപിക, വിദ്യാലയം, ക്ലാസ് റൂം, പ്രവർത്തനങ്ങൾ പരിശോധിക്കുകയും (അക്കാദമിക അക്കാദമികേതര ) വിലയിരിത്തുകയും നിർദ്ദേശം വനൽകുകയും ചെയ്യുന്നു | ആഴ്ച തോറും | എച്ച്.എം | |

## ഗൃഹസന്ദർശനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠന പുരോഗതി അറിയിക്കാനും ഭൗതിക സാഹചര്യം കുട്ടിയുടേത് മനസ്സിലാക്കാനും | മൂന്ന് അധ്യാപകർ ചേർന്ന ഗ്രൂപ്പായി കുട്ടികളുടെ വീട്ടിലേക്ക് സന്ദർശനം നടത്തുന്നു. അവധി ദിനങ്ങൾ, വൈകുന്നേരം 6 മണിക്കു ശേഷം അധ്യാപക രക്ഷിതാവ് ബന്ധം ഉറപ്പിക്കാന്ഡ സഹായകം | മുന്നു മാസം കൂടുമ്പോൾ | അധ്യാപകർ | |

## എൻ.സി.സി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളില്ഡ സ്വഭാവഗുണം, അച്ചടക്കം, സാഹസികത വളർത്തിയെടുക്കാൻ പ്രാപ്തരാക്കുക | 8,9,10 ക്ലാസിലെ കുട്ടികൾക്ക് ചൊവ്വ, വെള്ളി ദിവസങ്ങളിൽ 4 മണിക്കുശേഷം സ്കൂൾ ഗ്രൗണ്ടിൽ വച്ച് പ്രാക്ടീസ് നൽകുന്നു, അർഹതയുള്ള കുട്ടികൾക്ക് പ്രവേശനം നൽകുന്നു, സംയമനത്തിന്റെയും ആത്മബോധത്തിന്റെയും അനാരോഗ്യകരമായ ജീവിത ശൈലി ഒഴിവാക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നു | 10 മാസം | എൻ.സി.സി. ഓഫീസർ | എൻ.സി.സി |

Scanned with OKEN Scanner

# ഭൗതികം

## ക്ലാസ്മുറികൾ

ക്ലാസ്മുറികൾ വൃത്തിയും വെടിപ്പുമുള്ളതാക്കി സൂക്ഷിക്കാൻ വിദ്യാർത്ഥി കൾക്ക് നിർദ്ദേശം നൽകും. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസിനായി എഫ്.ടി. എം, ക്ലാസ് ടീച്ചർ തുടങ്ങിയവർ ക്ലാസ് മുറികൾ ശുചിയാക്കാൻ കുട്ടികളെ സഹായിക്കും. മാസം തോറും വൃത്തിയായി സൂക്ഷിക്കുന്ന ക്ലാസിന് പ്രധാ നാധ്യാപിക പാരിതോഷികവും നൽകും.

## ഓഫീസ് മുറികൾ

ഓഫീസ് മുറികൾ ചിട്ടയായും, കാര്യക്ഷമമായും പ്രവർത്തിക്കുന്നു, എല്ലാ രേഖകളും കാര്യക്ഷമമായി സൂക്ഷിക്കുകയും, രക്ഷിതാക്കൾക്ക് ഏചൊരവ സരത്തിലും വിദ്യാലയത്തിൽ എത്തിയാലും സ്വന്തം കുട്ടിയുടെ രേഖകൾ ആവശ്യപ്പെടാനും സൗഹാർദ്ദപരമായി പ്രവർത്തിക്കുന്നതുമായിരിക്കും.

## കളിസ്ഥലം

കളിസ്ഥലം കാടുപിടിച്ചു കിടക്കാതെ ഇഴജന്തുക്കൾ വരാത്ത രീതിയിൽ സൂക്ഷിക്കും. മാനേജറുടെ സഹായത്താൽ കളിസ്ഥലം മെച്ചപ്പെടു ത്തുകയും ചെയ്യുന്നു. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസായിരിക്കും ലക്ഷ്യം

## പാചകപ്പുര

പാചകപ്പുര വൃത്തിയും വെടിപ്പുള്ളതുമായിരിക്കും, 8-10 ക്ലാസിലെ കുട്ടി കൾക്ക് ഗവ. നിർദ്ദേശിക്കുന്ന ഉച്ച ഭക്ഷണം നൽകുന്നതാണ്. കുക്ക് ഹെൽത്ത് സർട്ടിഫിക്കറ്റ് ഓരോ ആറുമാസം കൂടുമ്പോഴും പുതുക്കി നൽകുന്നത് ഓഫീസിൽ സൂക്ഷിക്കും, രുചികരമായ ഭക്ഷണം, വൃത്തി യായി കുട്ടികൾക്ക് നൽകുന്നതാണ്.

Scanned with OKEN Scanner

## പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുക

പരിസ്ഥിതി ക്ലബ് , എൻ.സി.സി. കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയം പരിസരം ശുചിയാക്കൽ, പരിസ്ഥിതി ദിന പ്രതിജ്ഞ, ജൈവ, അജൈവ മാലിന്യം ശേഖരിച്ചു വെക്കൽ, കുട്ടികൾക്ക് ബോധവൽക്കണ ക്ലാസ് നൽകൽ തുടങ്ങിയവയിലൂടെ മാലിന്യങ്ങൾ പരമാവധി നിർമ്മാർജ്ജനം ചെയ്യും

## ജന്മദിനത്തിലൊരു പുസ്തകം

കുട്ടികൾ പിറന്നാൾ ദിനത്തിൽ മിഠായി വിതരണം ചെയ്യുന്നത് ഒഴിവാക്കി 20 രൂപയുടേതോ അവരെകൊണ്ട് സാധിക്കുന്നതുമായതോ ആയ പുസ്തകം ക്ലാസ് ടീച്ചർക്ക് വായനാമൂലയ്ക്ക് വേണ്ടി കൈമാറി സ്കൂൾ അസംബ്ലിയിൽ ഇവരെ അനുമോദിക്കുന്നു

## കുടിവെള്ളം

വിദ്യാലയത്തിലെ മുഴവൻ കുട്ടികൾക്കും ശുദ്ധജലം ലഭ്യമാക്കാനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കും. സ്പോൺസറുടെയും സഹാധ്യാപകരുടെയും സഹായത്താൽ ഇത് കാര്യക്ഷമമമാക്കും. ഇതിന്റെ ഉപയോഗം കുട്ടികൾ ശ്രദ്ധയോടെയാണ് നിർവ്വഹിക്കുന്നതെന്ന് മനസ്സിലാക്കാനായി കുട്ടികളിൽ നിന്ന് നിരീക്ഷകരെയും വയ്ക്കുന്നതാണ്.


## സാമൂഹികം

വിദ്യാലയത്തിന്റെ വികസനത്തിനായി വിദ്യാലയ സംരക്ഷണ വികസനസമിതി രൂപീകരിക്കും. പി.ടി.എ. എസ്.എം.സി മീറ്റിംഗ് കാര്യക്ഷമമായും സമയബന്ധതമായും നടത്തി സ്കൂളിന്റെ വികസനത്തിനായി സംരക്ഷണ കവചം ഒരുക്കും. പി.ടി.എ .യുടെ സഹായത്താലുള്ള ഗൃഹസന്ദർശനം കൊണ്ട് സാമൂഹ്യപരമായ ഒരു ബന്ധം സ്ഥാപിക്കാനും, കുട്ടികളുടെ വീട്, യാത്രാസമയം, ഗാർഹിക അന്തരീക്ഷം എന്നിവ മനസ്സിലാക്കാൻ കൂടുതൽ

Scanned with OKEN Scanner

സഹായകമാവും, സ്കൂളിനടുത്തുള്ള പുതൂർ ഗ്രന്ഥശാലയിൽ അംഗത്വം എടുക്കാൻ രക്ഷിതാക്കളെ നിർദ്ദേശിക്കുകയും കുട്ടികളുടെ വായനാ ശീലം വളർത്താൻ ഇത് ഉപകരിക്കുമെന്ന് ബോധ്യപ്പെടുത്തുന്നു.

2025-2026 ലെ അക്കാദമിക വർഷം മികവുറ്റതാക്കാൻ ഈ മുന്നൊരുക്കത്തിലൂടെ സാധിക്കുമെന്ന് വിശ്വസിക്കുന്നു




സ്ഥലം - എരുത്തേമ്പതി

തിയ്യതി -28.06.2025

പ്രധാനാധ്യാപിക

